നമ്പർ: 101/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**

**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**

**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന 6-ാം മാർത്തോമ്മാ (വലിയ മാർ ദീവന്നാസ്യോസ്), 8-ാം മാർത്തോമ്മാ എന്നീ മലങ്കര മെത്രാപ്പോലീത്താമാരുടെയും, **'കാതോലിക്കേറ്റ് രത്നദീപം'** ഭാഗ്യസ്മരണാർഹനായ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ ഈ വർഷം ഏപ്രിൽ 16, 17 (ഞായർ, തിങ്കൾ) തീയതികളിൽ ഭക്തിനിർഭരമായി നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. പരിശുദ്ധ സഭയ്ക്ക് ധീരോദാത്തമായ നേതൃത്വം നൽകിയ ശ്രേഷ്ഠ മഹാപുരോഹിതന്മാരായിരുന്നു ഈ മൂന്ന് പിതാക്കന്മാരുമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആ പുണ്യപിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിൽ നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 ഏപ്രിൽ മാസം 03-ാം തീയതി
ഡൽഹി ഹോസ് കാസ്
പള്ളിയിൽ നിന്നും.